പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2836 18/06/2018-ൽ മറുപടിക്ക്

**കേരള വിദ്യാഭ്യാസ നിയമ പരിഷ്ക്കരണ കമ്മീഷൻ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കേരള വിദ്യാഭ്യാസ നിയമം പരിഷ്ക്കരിക്കുന്നതിനും കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനും വേണ്ടി നിയമിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) എം.എ ഖാദറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ)യും (ബി)യും<br>2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ പരിഗണനവിഷയങ്ങൾ താഴെ പറയുന്നതാണ്.<br>1. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.<br>2. ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.<br>3. 2009 ലെ വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ. |
| (സി) ഹയർ സെക്കണ്ടറി രംഗത്ത് നിലവിലുള്ള ചട്ടങ്ങൾ പര്യാപ്തമല്ലാത്തതിനാൽ എം.എ. ഖാദറിന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റിയോട് അത് സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നിർദ്ദേശിക്കുമോ; | (സി) നിർദ്ദേശിക്കുന്നതാണ്. |
| (ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് വിവിധ ഏജൻസികളായ എസ്.എസ്.എ, എസ്.സി.ഇ.ആർ.ടി, സീമാറ്റ്, ഐ.ടി.അറ്റ് സ്കൂൾ, ആർ.എം.എസ്.എ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയുടെ ഏകോപനമില്ലെന്ന കാര്യം പരിശോധിച്ച നടപടി സ്വീകരിക്കുമോ; | (ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എസ്.എസ്.എ, ആർ.എം.എസ്.എ, സീമാറ്റ്, കൈറ്റ്, എസ്.സി.ഇ.ആർ.റ്റി തുടങ്ങിയവയെല്ലാം പരസ്പര ഏകോപനത്തോടെയും നവീകരണത്തോടെയും തന്നെയാണ് പ്രവർത്തിക്കുന്നത്. |

(ഇ) ഭരണ രംഗത്ത് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന സീമാറ്റിൽ വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; അക്കാദമിക മികവ് പുലർത്തുന്നവരെ ഉൾക്കൊള്ളിച്ച് ഭരണ രംഗത്തിന് ആവശ്യമായ പരിശീലനം ലഭ്യമാക്കുമോ; വ്യക്തമാക്കാമോ?.

(ഇ) പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ